## പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6697. 12.07.2012 ന് മറുപടിയ്ക്ക്.

### ജൈവവൈവിധ്യസംരക്ഷണത്തിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ജൈവവൈവിധ്യസംരക്ഷണത്തിനായി വനംവകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | (എ) ജൈവവൈവിധ്യ സംരക്ഷണത്തിന് ഉതകുന്ന പ്രവൃത്തികളാണ് വർക്കിംഗ് പ്ലാനുകളിലും മാനേജ്മെന്റ് പ്ലാനുകളിലും ഉൾക്കൊള്ളിച്ച് അംഗീകരിച്ച് നടപ്പാക്കുന്നത്. വനം വന്യജീവി നിയമങ്ങൾ നടപ്പാക്കി വനസംരക്ഷണവും ജൈവവൈവിധ്യ സംരക്ഷണവും നിർവ്വഹിക്കുന്നുണ്ട്. വനങ്ങളിലെ ജൈവവൈവിധ്യ സംരക്ഷണം മുൻനിർത്തി ജൈവവൈവിധ്യ പ്രാധാന്യമേറിയ പ്രദേശങ്ങളിൽ സംരക്ഷിത പ്രദേശങ്ങൾ സൃഷ്ടിച്ച് പ്രത്യേക സംരക്ഷണം ഉറപ്പ് വരുത്തുന്നുണ്ട്. അതിനായി സംസ്ഥാനത്ത് 15 സംരക്ഷണ കേന്ദ്രങ്ങളും 2 കടുവാ സംരക്ഷണ കേന്ദ്രങ്ങളും 5 ദേശീയോദ്യാനങ്ങളും ഒരു കമ്മ്യൂണിറ്റി റിസർവും സ്ഥാപിച്ചിട്ടുണ്ട്. സംരക്ഷിത പ്രദേശങ്ങളിൽ ജനങ്ങളുടെ വനാശ്രിതത്വം പരമാവധി കുറച്ചുകൊണ്ട് ജനങ്ങളുടെ പങ്കാളിത്തത്തോടെ ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. കുറ്റകൃത്യങ്ങൾ നടക്കാൻ കൂടുതൽ സാധ്യതയുള്ള പ്രദേശങ്ങളിൽ ആന്റിപോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ജീവനക്കാരെ ഫീൽഡ് പട്രോളിംഗിനായി സജ്ജരാക്കുകയും അവർക്ക് വാഹനം, വാർത്താ വിനിമയ ഉപകരണങ്ങൾ, ആയുധം എന്നിവനൽകി ഫീൽഡ് പരിശോധന |

ഫലവത്താക്കുകയും ചെയ്യുന്നുണ്ട്. കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടുപിടിച്ച് നടപടി സ്വീകരിക്കുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് സെൽ സംവിധാനം നിലവിലുണ്ട്. അഗ്നി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനു പുറമെ സംരക്ഷിത മേഖലകൾക്ക് പുറത്തുള്ള വനപ്രദേശങ്ങളിലെ അതീവ ജൈവപ്രാധാന്യമേറിയ പ്രദേശങ്ങളിൽ ജൈവവൈവിധ്യ സംരക്ഷണത്തിന് പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

(ബി) വയനാട്ടിലെ പശ്ചിമഘട്ട നിരകളിൽ നിന്നും "ഗഗനിയോഫിസ് പ്രൈമസ്" എന്ന പുതിയ ഇനം ഉഭയജീവി വർഗ്ഗത്തെ കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ട്.

(സി) ജൈവഘടന നിലനിർത്തുന്നതിൽ പ്രസ്തുത ഉഭയ ജീവികളുടെ പ്രാധാന്യത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വനം വകുപ്പ് പഠനം നടത്തിയിട്ടില്ല.

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തുന്ന സ്ഥാപനങ്ങളുമായി സഹകരിച്ച് ജൈവവൈവിധ്യം പരിപോഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ